# നീതിവേദി



നീതി ഔദാര്യമല്ല...

അവകാശമാണ്...



# നീതിവേദിയിൽ നിന്നും സ്നേഹാശംസകൾ...

കോവിഡ് വ്യാപനത്തോത് കുറഞ്ഞ സാഹചര്യത്തിൽ നീതിവേദിയുടെ പ്രോഗ്രാമുകൾ വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി നടന്നുവരികയാണ്. നീതിവേദിയുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പീസ് കമ്മറ്റി അംഗങ്ങൾ, യുവജന-വനിതാ-വിദ്യാർത്ഥി സൗഹൃദ ക്ലബുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ അറിവിലേക്കായി ഓരോ മാസവും ഇ-ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുകയാണ്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഇ-ബുള്ളറ്റിൻ നീതിവേദിയുടെ വിവിധ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെയും, നീതിവേദി വെബ്സൈറ്റ്, ഫെയ്സ്ബുക്ക് എന്നിവയിലൂടെയും ലഭ്യമാക്കുന്നതാണ്. നമ്മുടെ പ്രവർത്തകർക്കും ബന്ധപ്പെടുന്നവർക്കും പ്രയോജനകരമായ അറിയിപ്പുകളോ മറ്റ് വിവരങ്ങളോ ഇ-ബുള്ളറ്റിനിൽ ചേർക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ നീതിവേദി ഓഫീസ് നമ്പറിലേക്ക് (9496197378) വാട്സ് ആപ്പ് ആയി അയച്ചുതരണമെന്ന് താൽപര്യപ്പെടുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
(പ്രസിഡന്റ്, നീതിവേദി)

## സ്റ്റാഫ് അംഗങ്ങൾ ഉല്ലാസ യാത്രയ്ക്കായി

നീതിവേദിയിൽ സ്റ്റാഫ് അംഗങ്ങൾ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ താൽക്കാലികമായി അവസാനിപ്പിക്കുന്നവർക്ക് നന്ദി അർപ്പിക്കാനും സ്നേഹസൗഹൃദം ശക്തിപ്പെടുത്താനുമായി 2021 ഏപ്രിൽ 13 ന് കുറുവാ ദ്വീപിൽ ഒത്തുചേർന്നു.





## കോർ ടീം വോളണ്ടിയേഴ്സ്

ഈ പ്രവർത്തന വർഷത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ മത സൗഹൃദ സമാധാന നിർമ്മിതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വയനാട് ജില്ലയിൽ 25 വോളണ്ടിയേഴിസിനെ കണ്ടെത്തി. 2021 ജൂൺ 30, സെപ്റ്റംബർ 29 എന്നീ ദിവസങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.





## സ്റ്റാഫ് റിവ്യൂ മീറ്റിംഗ്





പ്രതിമാസ പ്രവർത്തനങ്ങൾ വിലയിരുത്താനും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനുമായി സ്റ്റാഫ് അംഗങ്ങൾ നീതിവേദി ഭാരവാഹികളുമായി എല്ലാ മാസവും ഒത്തുചേരുന്നു. 2021 ഏപ്രിൽ 30, ജൂൺ 29, ആഗസ്റ്റ് 2, ആഗസ്റ്റ് 31, സെപ്റ്റംബർ 29 എന്നീ തിയ്യതികളിൽ റിവ്യൂ മീറ്റിംഗുകൾ നടന്നു.

ജൂലൈ 21,22,23, ബാഗ്ലൂർ വെച്ച് നടന്ന എം എം റിവ്യൂ മീറ്റിംഗുകളിൽ നീതിവേദി ഭാരവാഹികൾ പങ്കെടുത്തു.

# വാർഷിക ജനറൽ ബോഡി

2021 ജൂൺ 29 ന് നീതിവേദിയുടെ 18-ാം വാർഷിക ജനറൽ ബോഡി യോഗം ചേർന്നു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് അംഗീകരിച്ചു. 2021-22 വർഷത്തെ പ്രവർത്തന പരിപാടി കൾക്ക് രൂപം നൽകി.



# ഗവേർണിംഗ് ബോഡി അംഗങ്ങൾ



**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
പ്രസിഡന്റ്



**കെ. മിനി**
വൈസ് പ്രസിഡന്റ്



**ഫ്ളൈസി ജോസ്**
സെക്രട്ടറി



**ഉണ്ണികൃഷ്ണൻ**
ജോയിന്റ് സെക്രട്ടറി



**അഡ്വ. ജോമോൾ ജോയി**
ട്രഷറർ



**അഡ്വ. ഫാ. തോമസ് തേരകം**
എക്സിക്യൂട്ടീവ് മെമ്പർ



**അഡ്വ. മരിയ**
എക്സിക്യൂട്ടീവ് മെമ്പർ



**കെ.ഐ. തോമസ്**
എക്സിക്യൂട്ടീവ് മെമ്പർ



**സിദ്ധിഖ്**
എക്സിക്യൂട്ടീവ് മെമ്പർ

# സ്റ്റാഫ് അംഗങ്ങൾ



**ഫ്ളൈസി ജോസ്**
ഡയറക്ടർ



**ജെയിംസ് തോമസ്**
പ്രോഗ്രാം കോർഡിനേറ്റർ



**അഡ്വ. ജോമോൾ ജോയി**
ലീഗൽ കൗൺസിലർ



**അനീഷ് ബാബു**
അഡ്വക്കറ്റ് ക്ലർക്ക്



**ജൂബിലി അനീഷ്**
ഡോക്യുമെന്റേഷൻ
& കമ്പ്യൂട്ടർ ഓപ്പറേറ്റർ



**വത്സ ദേവസ്യ**
ഫീൽഡ് വർക്കർ -
വൈത്തിരി താലൂക്ക്



**ലൈല ഉസ്മാൻ**
ഫീൽഡ് വർക്കർ -
മാനന്തവാടി താലൂക്ക്



**സാറാമ്മ ഷാജി**
ഫീൽഡ് വർക്കർ -
ബത്തേരി താലൂക്ക്

## പട്ടിക-വർഗ്ഗ ജനപ്രതിനിധി കൂട്ടായ്മ

**2021 മാർച്ച് 4 ന് നടന്ന വയനാട് ജില്ലയിലെ പട്ടികവർഗ്ഗ ജനപ്രതിനിധികളുടെ ഒത്തുചേരലിന്റെ തുടർച്ചയായി വാട്സ് ആപ് ഗ്രൂപ്പ് ആരംഭിച്ചു. പട്ടിക - വർഗ്ഗ സമൂഹങ്ങൾക്ക് ഉപകാരപ്രദമായ വിവരങ്ങൾ പങ്കുവെച്ച് നൽകിവരുന്നു.**

## സ്കൂൾ തുറക്കുമ്പോൾ ആദിവാസി വിദ്യാർത്ഥികൾക്ക് സൗകര്യങ്ങൾ ഉറപ്പ് വരുത്തണം

നവംബർ 1-ാം തിയ്യതി മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സർക്കാർ എടുത്ത തീരുമാനം പ്രശംസനീയമാണ്. വിദ്യാർത്ഥികളുടെ മാനസികവും സാമൂഹികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുമ്പോഴും ആവശ്യമായ മുൻകരുതലുകളോടെ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് തന്നെയാണ് ഉചിതം.

എന്നാൽ വിദ്യാലയങ്ങൾ തുറക്കുമ്പോൾ ആദിവാസി സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ടവർ വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തിയതായി കാണുന്നില്ല. സ്കൂളുകളിലേക്ക് വരുന്നതിന് ആവശ്യമായ പഠനസാമഗ്രികൾ, വസ്ത്രങ്ങൾ, യാത്രാ സൗകര്യത്തിനായി ഗോത്രസാരഥി പദ്ധതി എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ട്. ഏറെ നാളുകളായി സ്കൂളുകളിൽ വരാതെയും അധ്യാപകരുടെ നിയന്ത്രണമില്ലാതെയും കഴിഞ്ഞ കുട്ടികൾക്ക് സ്കൂളിലേക്ക് കടന്നുവരുന്നതിന് ആവശ്യമായ മാനസിക പിന്തുണ എല്ലാവരുടെയും ഭാഗത്തുനിന്നും നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായ നടപടികൾ എടുക്കണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോടും പട്ടിക വർഗ്ഗ വികസനവകുപ്പ് അധികാരികളോടും നീതിവേദി ഗവേർണിംഗ് ബോഡി ആവശ്യപ്പെട്ടു.

## മുട്ടിൽ മരം മുറി- ആദിവാസികളെ കേസിൽ നിന്ന് ഒഴിവാക്കണം

**കേരളത്തിലെ നിയമ വിരുദ്ധമായ മരം മുറി ഉദ്യോഗസ്ഥരുടെയും ഭരണകൂടത്തിന്റെയും അറിവോടെയാണെന്നും മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് നിരവധി ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചും വഞ്ചിച്ചുമാണ് ഉൾപ്പെടുത്തിയതെന്നും നീതിവേദി ജനറൽ ബോഡി യോഗം വിലയിരുത്തി. നിയമങ്ങളെപ്പറ്റിയും സർക്കാർ ഉത്തരവുകളെപ്പറ്റിയും യാതൊരു ധാരണയുമില്ലാത്ത ആദിവാസികളെ നിസ്സാരമായ തുക നൽകി കേസിൽ പ്രതികളാക്കിതീർത്ത മാഫിയ ശക്തികൾക്കെതിരെ പട്ടികജാതി - പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിലെ വകുപ്പുകളുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടികളെടുക്കണമെന്നും ആദിവാസികളെ കേസുകളിൽ നിന്നും ഒഴിവാക്കണമെന്നും 2021 ജൂൺ 29 ന് ചേർന്ന നീതിവേദി ജനറൽ ബോഡി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.**




കേരളത്തിൽ വർദ്ധിച്ചു വരുന്ന ഗാർഹിക അതിക്രമങ്ങളും സ്ത്രീധനപീഡനവും ആത്മഹത്യകളും സമൂഹ മനസാക്ഷിയെ നൊമ്പരപ്പെടുത്തുന്നതാണെന്നും സന്തോഷകരമായ കുടുംബ ജീവിതം ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങളും സാമൂഹ്യ സംഘടനകളും പൊതുസമൂഹവും ഒരുമിച്ച് പ്രവർത്തിക്കണമെന്നും നീതിവേദി ജനറൽ ബോഡി യോഗം അഭിപ്രായപ്പെട്ടു. മാനസികവും ശാരീരികവുമായ അതിക്രമങ്ങൾ നേരിടുന്നവർക്ക് കൗൺസിലിംഗും നിയമസഹായവും നൽകാനായി ജില്ലയിൽ തന്നെ വിവിധ സംഘടനകൾ സേവനദാതാക്കളായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകളുടെ പരാതികൾ പരിഗണിക്കുന്ന കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നിലപാടുകൾ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പലപ്പോഴും തടസ്സമാകുന്നതായി യോഗം വിലയിരുത്തി. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ത്രീ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ - സർക്കാർഇതര സ്ഥാപനങ്ങളുടെ കോർഡിനേഷൻ കമ്മറ്റി രൂപീകരിക്കണമെന്നും എല്ലാവരുടെയും സഹകരണത്തോടെ സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയെടുക്കണമെന്നും വാർഷിക ജനറൽ ബോഡി യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.



## ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തണം

### നീതിവേദി സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിയിൽ ഹൈക്കോടതിയുടെ ഉത്തരവ്

വയനാട് ജില്ലയിലെ വിവിധ ആദിവാസി ഊരുകളിൽ, വീടുകളടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ശോചനീയാവസ്ഥ ചൂണ്ടിക്കാണിച്ചും, ശുചിമുറികളിൽ അന്തിയുറങ്ങുന്ന ആദിവാസി ജീവിതങ്ങളുടെ നേർക്കാഴ്ചകൾ അവതരിപ്പിച്ചും 2016 ൽ നീതിവേദി സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജിയും, മലപ്പുറം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നിന്നും സമർപ്പിക്കപ്പെട്ട സമാന ഹർജികളും ഒരുമിച്ച് പരിഗണിച്ച കോടതി മൂന്ന് മാസത്തിനുള്ളിൽ ഊരുകളിലെ അപര്യാപ്തതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകാൻ സർക്കാരിന് നിർദ്ദേശം നൽകി. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ കോടതിയലക്ഷ്യ നടപടി നേരിടേണ്ടിവരുമെന്ന് ഹൈക്കോടതി മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. ചീഫ് ജസ്റ്റിസ് എസ് മണികുമാർ, ജസ്റ്റിസ് ഷാജി.പി.ചാലി എന്നിവർ അടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റേതാണ് വിധി.

വിവിധ സംഘടനകൾ സമർപ്പിച്ച ഹർജികളിൽ, ഹൈക്കോടതി നിർദ്ദേശപ്രകാരം 2021 ഫെബ്രുവരി 2 - ാം തിയ്യതി ജില്ലാ കളക്ടർമാർ വിശദമായ സ്ഥിതിവിവര റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. വയനാട് ജില്ലയിൽ വിവിധ പദ്ധതികളിലായി ആയിരക്കണക്കിന് ഭവനങ്ങൾ ആദിവാസികൾക്കായി അനുവദിച്ചിട്ടുണ്ടെങ്കിലും വാസയോഗ്യമായ വിധത്തിൽ പൂർത്തിയാക്കിയത് വളരെ കുറച്ചു മാത്രമാണെന്ന് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ആദിവാസികൾക്കുവേണ്ടി നിർമ്മിക്കേണ്ട ഭവനങ്ങൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അവ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള ഇച്ഛാശക്തി ബന്ധപ്പെട്ട വകുപ്പുകളോ ഉദ്യോഗസ്ഥരോ കാണിക്കുന്നതായി കോടതിക്കു ബോധ്യപ്പെട്ടിട്ടില്ല.

ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകുമെന്നും, വനാവകാശ നിയമ പ്രകാരവും, നിക്ഷിപ്ത വന ഭൂമിയിൽ നിന്നും ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുമെന്നും റിപ്പോർട്ട് പറയുമ്പോഴും വർഷങ്ങൾ കഴിഞ്ഞിട്ടും കാര്യമായ പുരോഗതി ഇക്കാര്യത്തിൽ ഉണ്ടായതായി ഹൈക്കോടതിയിൽ സമർപ്പിച്ച കളക്ടറുടെ റിപ്പോർട്ടിൽ പരാമർശമില്ല.

സ്വച്ഛ്ഭാരത് പദ്ധതി വഴി എല്ലാ കുടുംബങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ഉണ്ടായിട്ടുണ്ടെന്നും വയനാട് വെളിയിടവിസർജനമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് അവകാശപ്പെടുന്നുണ്ടെങ്കിലും ആദിവാസികളുടെ കാര്യത്തിൽ ഇത് എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതുണ്ട്.

പൊതുതാൽപ്പര്യ ഹർജികളും ജില്ലാ കളക്ടർമാർ സമർപ്പിച്ച റിപ്പോർട്ടുകളും പരിഗണിച്ച ഹൈക്കോടതി നിരവധി ആദിവാസി ഊരുകളിൽ ഇനിയും വാസയോഗ്യമായ ഭവനങ്ങളും മറ്റ് സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട് എന്ന് നിരീക്ഷിച്ചു. ആദിവാസി ഊരുകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കണമെന്നും അടിയന്തിര ചികിത്സ ആവശ്യമുള്ളവരെ വാഹന സൗകര്യം ഉറപ്പാക്കി ആശുപത്രികളിൽ എത്തിക്കണമെന്നും വിധിയിൽ നിർദ്ദേശിച്ചു. ആദിവാസി ഊരുകളിലേക്ക് റോഡുകൾ ഉണ്ടാക്കിയാൽ മാത്രം പോരാ, ആവശ്യമായ അറ്റകുറ്റപ്പണികൾ സമയാസമയം ചെയ്ത് അവ സംരക്ഷിക്കണമെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടുകൾ 30 ദിവസങ്ങൾക്കുള്ളിൽ വിതരണം ചെയ്യണമെന്നും യാതൊരു കാരണവശാലും വകമാറ്റി ചിലവഴിക്കരുതെന്നും കോടതി കർശനമായി നിർദ്ദേശിച്ചു. ആദിവാസി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഉറപ്പാക്കുന്നത് സംബന്ധിച്ച് മുൻപ് ഹൈക്കോടതി നൽകിയ നിർദ്ദേശങ്ങൾ ഡിവിഷൻ ബെഞ്ച് വീണ്ടും ആവർത്തിച്ചു.

നീതിവേദിക്കു വേണ്ടി അഡ്വ.ഷാജി തോമസ് കോടതിയിൽ ഹാജരായി.




## പീസ് അസംബ്ലി

പീപ്പിൾസ് ഹാർമണി ഫൗണ്ടേഷൻ, ഏകതാപരിഷത്ത്, ആലുവ യു. സി. കോളേജ്, നീതിവേദി എന്നീ സംഘടനകളുടെ സഹകരണത്തോടെ സംസ്ഥാന ദേശീയ-അന്തർദേശിയ തലങ്ങളിൽ 2021 ജൂൺ 27, ജൂലൈ 4, ജൂലൈ 18 എന്നീ തിയ്യതികളിൽ ഓൺലൈനായി സംഘടിപ്പിച്ച പീസ് അംസംബ്ലികളിൽ നീതിവേദി അംഗങ്ങളും ജില്ലാ പീസ് ഫോറം പ്രതിനിധികളും പങ്കെടുത്തു.

## സ്ത്രീധന നിരോധന നിയമം- ക്ലാസ്സുകൾ

2021 ജൂലൈ 17, ആഗസ്റ്റ് 2 എന്നീ തിയ്യതികളിൽ വൈത്തിരി താലൂക്ക്‌ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സ്ത്രീധനനിരോധനനിയമത്തെക്കുറിച്ച് ക്ലാസ്സുകൾ ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയ് ക്ലാസ്സ് നയിച്ചു.

## ജില്ലാ പീസ് ഫോറം



2021 ജൂൺ 29 ന് ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് യോഗം നടന്നു. ആദിവാസികൾ അനുഭവിക്കുന്ന പ്രധാന വിഷയങ്ങളിൽ ഇടപെടുന്നതിനായി ശശി മീനങ്ങാടി, അഡ്വ.മരിയ, വി.ടി കുമാർ എന്നിവരടങ്ങുന്ന സബ് കമ്മറ്റി രൂപീകരിച്ചു.

## പീസ് കമ്മറ്റി

പഞ്ചായത്ത് തല പീസ് കമ്മറ്റി മീറ്റിംഗുകൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പീസ് കമ്മറ്റികൾ പുന:സംഘടിപ്പിക്കുകയും ചെയ്തു. 2021 ജൂലൈ 12 തരിയോട്, ജൂലൈ 27 തവിഞ്ഞാൽ, തിരുനെല്ലി, ജൂലൈ 28 തൊണ്ടർനാട്, ജൂലൈ 30 പൂതാടി, മീനങ്ങാടി, ആഗസ്റ്റ് 5 കോട്ടത്തറ, കൽപ്പറ്റ, ആഗസ്റ്റ് 6 മുട്ടിൽ, ആഗസ്റ്റ് 11 നെൻമേനി, ആഗസ്റ്റ് 13 പടിഞ്ഞാറത്തറ, ആഗസ്റ്റ് 16 വേങ്ങപ്പള്ളി, ആഗസ്റ്റ് 18 കണിയാമ്പറ്റ, ആഗസ്റ്റ് 24 എടവക, ആഗസ്റ്റ് 25 മാനന്തവാടി, ആഗസ്റ്റ് 26 നൂൽപ്പുഴ, സെപ്റ്റംബർ 7 മേപ്പാടി, സെപ്റ്റംബർ 8 മൂപ്പൈനാട്, ഒക്ടോബർ 1 പനമരം, എന്നിവിടങ്ങളിൽ പീസ് കമ്മറ്റി മീറ്റിംഗുകൾ നടന്നു.

പൊഴുതന, വെള്ളമുണ്ട, വൈത്തിരി എന്നീ പഞ്ചായത്തുകളിൽ പ്രശ്നവിശകലന പരിപാടി സംഘടിപ്പിക്കുകയും പുതിയ പീസ് കമ്മറ്റികൾക്ക് രൂപം നൽകുകയും ചെയ്തു.






# കൈകോർത്ത് ഒരുമയോടെ...

വിവിധ മതനേതാക്കളുടെ ഒത്തുചേരൽ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചു. പരസ്പരം പരിചയപ്പെടാനും, പങ്കുവെയ്ക്കാനും, സ്നേഹവും സൗഹൃദവും വർദ്ധിപ്പിക്കാനും ഈ ഒത്തുചേരൽ ലക്ഷ്യംവെക്കുന്നു.



സെപ്റ്റംബർ 25 മീനങ്ങാടി



സെപ്റ്റംബർ 28 മുട്ടിൽ



ഒക്ടോബർ 2 മാനന്തവാടി



ഒക്ടോബർ 16 മേപ്പാടി



ഒക്ടോബർ 20 കണിയാമ്പറ്റ



ഒക്ടോബർ 23 മൂപ്പൈനാട്



ഒക്ടോബർ 27 കൽപ്പറ്റ



ഒക്ടോബർ 30 പൂതാടി



## വനിതാ സൗഹൃദ ക്ലബുകൾ

15.08.2021 ന് കമ്പളക്കാട് "Awesome Blossom" വനിതാ സൗഹൃദ ക്ലബ്ബിന്റെ മീറ്റിംഗ് സംഘടിപ്പിച്ചു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

## ഹാപ്പിനെസ്സ് പ്രോഗ്രാം

നീതിവേദിയുടെ ആഭിമുഖ്യത്തിൽ 2021 ഒക്ടോബർ 23 ശനിയാഴ്ച കാക്കവയൽ നീതിവേദി ഓഫീസിൽ വെച്ച് വനിതാ സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് ഹാപ്പിനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ. മാത്യൂസും ഭാര്യ കമലയും നേതൃത്വം നൽകി. വിവിധ വനിതാ ക്ലബ്ബുകളിലെ 35 ഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.



## വിദ്യാർത്ഥി സൗഹൃദ ക്ലബുകൾ

മുട്ടിൽ പഞ്ചായത്തിൽ 2021 ജൂലൈ 26 ന് അടുവാടിവയൽ, ജൂലൈ 27 തോര്യമ്പം, ജൂലൈ 28 എടത്തിൽ, മീനങ്ങാടി പഞ്ചായത്തിൽ ആഗസ്റ്റ് 7 ന് ചൂതുപാറ, ചന്തഞ്ചിറ, കണിയാമ്പറ്റ പഞ്ചായത്തിൽ ആഗസ്റ്റ് 15 ന് കമ്പളക്കാട് എ.പി.ജെ. നഗർ എന്നിവിടങ്ങളിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ് മീറ്റിംങ്ങുകൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ലീഡേഴ്സിനെ തിരഞ്ഞെടുത്തു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ കുട്ടികളെ ആദരിച്ചു.






# കോവിഡ് പ്രതിരോധ ഇടപെടലുകൾ

കോവിഡ് പ്രതിസന്ധിയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന 244 കുടുംബങ്ങളിലെ 955 പേർക്ക് സഹായങ്ങൾ നൽകി. 195 ഭക്ഷണ കിറ്റുകൾ, 24 പേർക്ക് മെഡിക്കൽ സഹായം, 206 കുട്ടികൾക്ക് പഠനോപകരണങ്ങൾ, 8 പേർക്ക് ടാർപ്പായ, 2 വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ എന്നിവ വിതരണം ചെയ്തു.








# ഓണാഘോഷ പരിപാടികൾ

2021 ആഗസ്റ്റ് 11 ന് മുട്ടിൽ പഞ്ചായത്തിലെ തോര്യമ്പം, ആഗസ്റ്റ് 13 അടുവാടിവയൽ, ആഗസ്റ്റ് 15 പരിയാരം, ആഗസ്റ്റ് 16 കണിയാമ്പറ്റ പഞ്ചായത്തിലെ എ.പി.ജെ.നഗർ, ആഗസ്റ്റ് 22 മാനന്തവാടി മുനിസിപ്പാലിറ്റിയിലെ വട്ടർക്കുന്ന് എന്നിവിടങ്ങളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ കലാ-കായിക പരിപാടികളും പായസ വിതരണവും നടത്തി. വിദ്യാർത്ഥി/വനിതാ സൗഹൃദ ക്ലബ്ബുകൾ നേതൃത്വം നൽകി.



# സ്വാതന്ത്ര്യദിനാഘോഷം



ആഗസ്റ്റ് 15 ന് മീനങ്ങാടി പഞ്ചായത്തിലെ ചൂതുപാറ കോളനിയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ ഉദ്ഘാടനം ചെയ്തു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വക്കറ്റ് ജോമോൾ ജോയി സ്ത്രീകൾക്കും കുട്ടികൾക്കും നിയമബോധവൽക്കരണ ക്ലാസ്സ് നടത്തി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

# ജില്ലാ പീസ് ഫോറം






2021 ഒക്ടോബർ 26 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങളുടെയും പഞ്ചായത്ത് തല പീസ് കമ്മിറ്റി ഭാരവാഹികളുടെയും കോർ ടീം വോളണ്ടിയർമാരുടെയും യോഗം നടന്നു. കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ കെ.ഐ. തോമസ് അധ്യക്ഷത വഹിച്ചു. പ്രവർത്തന വിലയിരുത്തലും വരുന്ന അഞ്ചുമാസത്തേക്കുള്ള പ്ലാനിങ്ങും നടത്തി. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു ചർച്ചകൾക്ക് നേതൃത്വം നൽകി. വൈസ് ചെയർപേഴ്സൺ ശ്രീമതി സുലോചന രാമകൃഷ്ണൻ നന്ദി പറഞ്ഞു.

# ഗവേർണിംഗ് ബോഡി





**2021 ഒക്ടോബർ മാസം 26 ന് കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് നീതിവേദി അർദ്ധവാർഷിക ഗവേർണിംഗ് ബോഡി യോഗം ചേർന്നു. നീതിവേദി പ്രസിഡന്റ് അഡ്വ. ഫാ. സ്റ്റീഫൻ മാത്യു അധ്യക്ഷത വഹിച്ചു. ഏഴ് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. ആദിവാസി വീടുകൾ സംബന്ധിച്ച് നീതിവേദി നൽകിയ കേസിലെ ഹൈക്കോടതി വിധി ഫലപ്രദമായി നടപ്പിലാകാത്ത സാഹചര്യത്തിൽ കോടതി അലക്ഷ്യ ഹർജി നൽകാൻ തീരുമാനിച്ചു. സ്കൂൾ തുറക്കുന്ന പശ്ചാത്തലത്തിൽ ആദിവാസി വിദ്യാർത്ഥികളുടെ ഭൗതീക സാഹചര്യങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ച് പത്ര വാർത്ത നൽകാനും വനസംരക്ഷണ നിയമത്തിലെ ഭേദഗതികൾ സംബന്ധിച്ചുള്ള ഗവൺമെന്റിന് നിർദ്ദേശങ്ങൾ അയച്ചുകൊടുക്കാനും തീരുമാനിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ ഇ - ബുള്ളറ്റിൻ ഇറക്കാൻ ധാരണയായി. ക്രിസ്തുമസ് അവധിക്കാലത്ത് ആദിവാസി വിദ്യാർത്ഥികൾക്ക് ക്യാമ്പ് നടത്താനും ജനുവരി 30 ന് എല്ലാ പഞ്ചായത്തുകളിലും സമാധാന ദിനാചരണം നടത്താനും തീരുമാനിച്ചു.**




2021 ഒക്ടോബർ 28 വ്യാഴാഴ്ച കൽപ്പറ്റ എം.ജി.റ്റി. ഹാളിൽ വെച്ച് യുവജന സൗഹൃദ ക്ലബ്ബ് ഭാരവാഹികൾക്ക് നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ ഷിബു കുറുമ്പേമഠം നേതൃത്വം നൽകി.


യുവജനങ്ങൾക്ക് ദ്വിദിന നേതൃത്വ പരിശീലനവും സമാധാനനിർമ്മിതിക്കായി സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു.




നീതിവേദിയുടെയും കമ്പളക്കാട് എ.പി.ജെ. നഗർ റെസിഡന്റ്സ് അസ്സോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ 31.10.2021 ന് നബിദിനാഘോഷം സംഘടിപ്പിച്ചു. കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ നൂരിഷ ചേനോത്ത് അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളൈസി ജോസ് ഉദ്ഘാടനം ചെയ്തു. കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ ശ്രീമതി സലിജ ഉണ്ണി, അഡ്വ. ജോമോൾ ജോയ്, ശ്രീ. വേലുകുട്ടി താമരശ്ശേരി, ശ്രീ മുഹമ്മദ് ബഷീർ പി.ച്ച് എന്നിവർ ആശംസകൾ അർപ്പിച്ചു. വനിതാ സൗഹൃദ ക്ലബ്ബ് പ്രസിഡന്റ് ശ്രീമതി ഷാനിബ നന്ദി പറഞ്ഞു. വിദ്യാർത്ഥി സൗഹൃദ ക്ലബ്ബിലെ കുട്ടികൾ നബിദിനത്തോടനുബന്ധിച്ചുള്ള വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## നിയമ സഹായവും കൗൺസിലിംഗും

കഴിഞ്ഞ ഏഴ് മാസങ്ങളിലായി നീതിവേദി ഓഫീസിൽ വെച്ച് 36 പേർക്ക് കൗൺസിലിംഗ് നൽകി. നീതിവേദിയെ സമീപിച്ച 87 നിയമ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തി, 33 കേസുകൾ ഒത്തുതീർപ്പാക്കി, 10 കേസുകൾ കോടതിയിൽ ഫയൽ ചെയ്തു.


NEETHI VEDHI
സുധിക്കവല, കാക്കവയൽ പി. ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org